**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 402** **08-08-2023 - ൽ മറുപടിയ്ക്ക്**

**കോഡൂർ പഞ്ചായത്ത് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനത്തിന്റെ ബൈലോ അംഗീകരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം മണ്ഡലത്തിൽ കോഡൂർ പഞ്ചായത്ത് നേരിട്ട് നടത്തുന്ന സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനത്തിന്റെ ബൈലോ അംഗീകരിക്കുന്നത് സംബന്ധിച്ച് സമർപ്പിച്ച ഫയലിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | കോഡൂർ ഗ്രാമപഞ്ചായത്തിലെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനത്തിന്റെ പ്രവർത്തന മാർഗ്ഗ രേഖ (ബൈലോ) പഞ്ചായത്ത് ഡയറക്ടറുടെ 15.10.2022-ലെ PAN/4694/2021-C6 നമ്പർ ഉത്തരവ് പ്രകാരം അംഗീകരിച്ച് നൽകിയിട്ടുണ്ട്. |
| (ബി) | പഞ്ചായത്ത് ഡയറക്ടറേറ്റിലേക്ക് മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറേറ്റ് ഓഫീസിൽ നിന്നും ഡി.ഡി.പി.-എം.പി.എം. 245/2021-ഡി2 എന്ന നമ്പറിൽ അയച്ച ഫയലിൽ തീരുമാനം എടുക്കാൻ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | **ബൈലോ അംഗീകരിച്ച് നൽകുന്നതിനുള്ള ശിപാർശ 05.04.2021-ൽ ലഭ്യമായിരുന്നെങ്കിലും പ്രസ്തുത ബൈലോയിൽ അപാകതകൾ ശ്രദ്ധയിൽപ്പെട്ടതിനാൽ ആയത് പരിഹരിക്കുന്നതിനായി തിരികെ അയക്കുകയും അപാകതകൾ പരിഹരിച്ച് ലഭ്യമാക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. ഇക്കാരണത്താലാണ് ബൈലോ അംഗീകരിച്ച് നൽകുന്നതിൽ കാലതാമസം നേരിട്ടത്.** |
| (സി) | പ്രസ്തുത ഫയലിൽ എത്രയും വേഗം തീർപ്പുകല്പിക്കുവാനും സാങ്കേതിക സ്ഥാപനത്തിന്റെ പ്രവർത്തന നിയമാവലിക്ക് അംഗീകാരം നൽകുവാനും നടപടി സ്വീകരിക്കുമോ? | (സി) | പഞ്ചായത്ത് ഡയറക്ടറുടെ 15.10.2022-ലെ PAN/4694/2021-C6 നമ്പർ ഉത്തരവ് പ്രകാരം ബൈലോ അംഗീകരിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ